LIBRARY ARCHIVES Kerala Legislative Assembly

**സൈബർ കുറ്റകൃത്യങ്ങൾ**

122 (3149) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് വ്യക്തമായ നിയമങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് അറിവ് ലഭിച്ചാൽ Indian Penal Code, Information Technology Act 2000, Kerala Police Act എന്നീ നിയമങ്ങളിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി മാത്രം പ്രത്യേക നിയമനിർമ്മാണം നടത്തുന്നത് സർക്കാർ പരിഗണിക്കുമോ?

വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണങ്ങളോ ചട്ടങ്ങളോ ആവശ്യമുള്ളപക്ഷം ആയത് രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്.

**കുളത്തുപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി**

123 (3150) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സാങ്കേതികമായി തടസ്സം ഉണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ-സി) കൊല്ലം ജില്ലയിലെ പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.